നടപടിയാണ്. നാലുകൊല്ലക്കാലം കഴിഞ്ഞതിനുശേഷം അസൈൻമെന്റ് കമ്മിറ്റി കൂടുന്നതുകൊണ്ട് അങ്ങ് ഉദ്ദേശിക്കുന്നതുപോലെ കാര്യങ്ങൾ നീങ്ങുകയില്ല. ആ പ്രദേശവാസികളെയും അവിടത്തെ അസൈൻമെന്റ് കമ്മിറ്റിയെയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഒരു നിലപാട് സ്വീകരിക്കുമോ എന്നുള്ളതാണ് അറിയേണ്ടത്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വികാരം ഞാൻ മനസ്സിലാക്കുന്നു. തീർച്ചയായും ആ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനം ആവശ്യമാണ്. പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നേരത്തെ ഉണ്ടായിരുന്ന പല പ്രശ്നങ്ങളും അവിടെ ഉണ്ടെന്നുള്ളത് അങ്ങേയ്ക്കും ബോധ്യമുള്ള കാര്യങ്ങളാണ്. അർഹരായിട്ടുള്ള ആളുകളെ തെരഞ്ഞെടുത്ത് കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി അസൈൻമെന്റ് കമ്മിറ്റികൂടി അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾ അതിൽ അംഗങ്ങളായിട്ടുള്ളവരാണ്. അങ്ങ് പലതിലും ആശങ്ക അറിയിച്ചതുപോലെ അക്കാര്യങ്ങളെ കുറിച്ച് വിശദമായ ഒരു പഠനം നടത്തുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

1. മലപ്പുറം ജില്ലയിലെ എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടൽ

മി. ചെയർമാൻ : ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്യുതാനന്ദൻ): സർ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഉപജില്ലയിൽപ്പെട്ട ഒളവട്ടൂർ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ 85 വർഷം പഴക്കമുള്ള പ്രാഥമിക വിദ്യാലയമാണ്. ഭൂമി വിൽപ്പന ലക്ഷ്യം വച്ച് ഈ സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർ ഹൈക്കോടതിയിൽനിന്നും ഉത്തരവ് സമ്പാദിച്ചിരിക്കുകയാണ്. 70 സെന്റ് സ്ഥലത്താണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. സെന്റിന് 2 ലക്ഷം രൂപ വില വരുന്ന ഈ സ്ഥലം വിറ്റാൽ ഒന്നരക്കോടി രൂപ മാനേജർക്ക് ലഭിക്കും. ഇതാണ് ഈ സ്കൂൾ അടച്ചുപൂട്ടുന്നതിന് സ്കൂൾ മാനേജരെ പ്രേരിപ്പിക്കുന്നത്.

ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി 75 കുട്ടികൾ പഠിക്കുന്നുണ്ട്. 5 അദ്ധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു. കെ.ഇ.ആർ.-ൽ മാനേജർക്ക് സ്കൂൾ അടച്ചുപൂട്ടുന്നതിന് അവകാശമുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി വിധി ഉണ്ടായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സർക്കാരിന് ആവശ്യമായ നടപടി സ്വീകരിക്കാമെന്നും ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുണ്ട്. സ്കൂൾ മാനേജർക്ക് സ്കൂൾ അടച്ചുപൂട്ടുന്നതിനുള്ള അവകാശം നൽകുന്ന വകുപ്പ് എടുത്തുകളയുന്നതിനുള്ള നടപടി സ്വീകരിക്കണം. അല്ലാത്തപക്ഷം വർദ്ധിച്ചുവരുന്ന ഭൂമി വില കണക്കിലെടുത്ത് പല എയ്ഡഡ് സ്കൂളുകളും ഈ വിധം അടച്ചുപൂട്ടുന്നതിന് മാനേജർമാർ തയ്യാറാകും ആയതിനാൽ ഈ സ്കൂൾ അടിയന്തരമായി ഏറ്റെടുക്കുന്നതിനും കെ.ഇ.ആർ.-ലെ മാനേജർമാർക്ക് അനുകൂലമായ വ്യവസ്ഥ എടുത്തുകളയുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി. കെ. അബ്ദു റബ്ബ്) : സർ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ജില്ലയിൽ ഉൾപ്പെടുന്ന പുളിക്കൽ ഗ്രാമപഞ്ചായത്തിൽ 1943-ൽ സ്ഥാപിതമായ വിദ്യാലയമാണ് ഒളവട്ടൂർ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ. സ്കൂൾ അനാദായകരമാണെന്ന് ചൂണ്ടിക്കാട്ടി സ്കൂൾ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് 16-5-2009-ൽ ശ്രീമതി ടി. പി. മുനീറ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കേരള വിദ്യാഭ്യാസ നിയമവും ചട്ടങ്ങളും പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് സ്കൂൾ അടച്ചുപൂട്ടുന്നതിനെതിരെ സ്കൂൾ സംരക്ഷണ സമിതി നിവേദനം നൽകുകയുണ്ടായി സ്കൂൾ അടച്ചുപൂട്ടുന്നതിനെതിരെ പുളിക്കൽ ഗ്രാമപഞ്ചായത്തും ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിരുന്നു. തുടർന്ന് സ്കൂൾ അടച്ചുപൂട്ടണമെന്ന ആവശ്യം 23-7-2010-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗങ്ങൾ ഏറെയുള്ള പ്രസ്തുത പ്രദേശത്തെ സ്കൂൾ അടച്ചുപൂട്ടുന്നത് കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തെ ബാധിക്കുമെന്നതിനാലാണ് അടച്ചുപൂട്ടലിന് അനുമതി നൽകാതിരുന്നത്. ഇതിനെതിരെ ശ്രീമതി ടി. പി. മുനീറ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WPC No. 18311/2010 നമ്പറായി റിട്ട് ഹർജി നൽകി 12-4-2011-ൽ അനുകൂല വിധി സമ്പാദിച്ചു. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾബഞ്ച് 12-11-2014-ലെ വിധിന്യായ പ്രകാരം തള്ളുകയും ചെയ്തു. 12-11-2014-ലെ മേൽ വിധിക്കെതിരെ എസ്.എൽ.പി. ഫയൽ ചെയ്യുകയും ഈ കാര്യം അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്യുകയുമുണ്ടായി. കേരള വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നാണ് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഫുൾബഞ്ചിന്റെ വിധിന്യായ